126 (1575) റെയിൽവേ റിസർവേഷൻ ടെർമിനലുകൾ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റെയിൽവേ റിസർവേഷൻ ടെർമിനലുകൾ സ്വകാര്യമേഖല യ്ക്ക് കൈമാറാനുള്ള കേന്ദ്രസർക്കാരിന്റെ തീരുമാനത്തിനെതിരെ സംസ്ഥാന സർക്കാർ പ്രതിഷേധം അറിയിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ:

(ബി) ഭീമമായ സംഖ്യ കമ്മീഷൻ ഇനത്തിൽ നൽകിയും ഇപ്പോൾ റെയിൽവേയിൽ നിലവിലുള്ള കമ്പ്യൂട്ടർ സൗകര്യങ്ങൾ സൗജന്യമായി വിട്ടു കൊടുത്തും സ്വകാര്യമേഖലയെ പ്രീണിപ്പിക്കുവാനുള്ള കേന്ദ്രത്തിന്റെ ഈ തീരുമാനത്തിനെതിരെ പൊതുജനാഭിപ്രായം ഉയർത്തുന്നതിനുള്ള പ്രചരണ ങ്ങൾ സംഘടിപ്പിക്കുമോ?

ഉത്തരം

(എ)&(ബി) ഇതു സംബന്ധിച്ച് ആവശ്യമായ അന്വേഷണം നടത്തി, വേണ്ടിവരുന്നപക്ഷം പ്രതിഷേധം അറിയിക്കുന്നതാണ്.

127 (1576) 'മുതലമട റെയിൽവേ സ്റ്റേഷൻ'

ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗ തവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ മുതലമട റെയിൽവേ സ്റ്റേഷനിൽ 762,767 എന്നീ നമ്പർ ട്രെയിനുകൾക്ക് സ്റ്റോപ്പ് അനുവദിച്ചിരുന്നതായി അറിവുണ്ടോ;

(ബി) ഇപ്പോൾ ഈ ട്രെയിനുകൾ ഇവിടെ നിർത്തുന്നുണ്ടോ; ഇല്ലെ ങ്കിൽ കാരണം വ്യക്തമാക്കുമോ:

(സി) പഴനി, രാമേശ്വരം, മധുര, ഏർവാടി, വേളാങ്കണ്ണി മുതലായ തീർത്ഥാടന കേന്ദ്രങ്ങളിൽ പോകുന്നവർക്കും കഞ്ചിക്കോട്, പൊള്ളാച്ചി ഭാഗ ങ്ങളിലേക്ക് നൈറ്റ് ഷിഫ്റ്റിനു പോയിരുന്ന തൊഴിലാളികൾക്കും ആശ്രയ മായിരുന്ന ഈ ട്രെയിനുകൾക്ക് മുതലമടയിൽ സ്റ്റോപ്പനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)-(സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

128 (1577) സംസ്ഥാന വാട്ടർ ട്രാൻസ്പോർട്ട്

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വാട്ടർ ട്രാൻസ്പോർട്ട് വിപുലപ്പെടുത്തുന്നതിനായി ആലപ്പുഴയിൽ പുതിയതായി എന്തെല്ലാം പരിപാടികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) സ്റ്റേറ്റ് വാട്ടർ ട്രാൻസ്പോർട്ട് കോർപ്പറേഷൻ ആലപ്പുഴയിൽ നിർമിക്കുന്ന ബോട്ട്യാർഡിന്റെ നിർമ്മാണപ്രവർത്തനങ്ങൾ മന്ദഗതിയിലാ ണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ആലപ്പുഴയിൽ പുതിയതായി അക്വയർ ചെയ്ത പോങ്ങിക്കരയിലെ സ്ഥലത്ത് ഒരു സ്ലിപ്പ്വേയും 5 ബേകളും പണി കഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതു വഴി ബോട്ടുകളുടെ അറ്റകുറ്റപ്പണികൾ ത്വരിതഗതിയിൽ പൂർത്തിയാക്കുവാനും സർവ്വീസ് റദ്ദാക്കൽ പരമാവധി കുറയ്ക്കുവാനും സാധിക്കും.

(ബി) ഇതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് കേരള സർക്കാർ സ്ഥാപനമായ മെമ്പേഴ്സ് 'കെൽ' എന്ന സ്ഥാപനത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. നിർമ്മാണത്തിനാവശ്യമായ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി വരികയാണ്. അതു ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണം എത്രയുംപെട്ടെന്ന് പൂർത്തിയാക്കത്തക്ക വിധത്തിൽ നടപടികൾ ഊർജ്ജിതപ്പെടുത്തുന്നതാണ്.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

129 (1578) മോട്ടോർ തൊഴിലാളി സഹകരണ സംഘങ്ങൾ

ശ്രീ. ജി. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മോട്ടോർ തൊഴിലാളി സഹകരണ സംഘങ്ങൾ അടച്ചുപൂട്ടൽ ഭീഷണിയെ നേരിടുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) പ്രതിസന്ധി പരിഹരിക്കുവാൻ മോട്ടോർ തൊഴിലാളി സഹകരണ സംഘങ്ങൾ സർക്കാരിന് സമർപ്പിച്ചിട്ടുള്ള നിർദ്ദേശങ്ങൾ എന്തൊക്കെയാണ്;

(ഡി) മോട്ടോർ തൊഴിലാളി സഹകരണസംഘങ്ങളുടെ നിർദ്ദേശങ്ങളിൻമേൽ സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ വിശദീകരിക്കുമോ?

ഉത്തരം

(എ) അടച്ചുപൂട്ടൽ ഭീഷണി നേരിടുന്നു എന്ന് ഗതാഗത വകുപ്പു മന്ത്രിക്ക് 16.7.96-ൽ സമർപ്പിക്കപ്പെട്ട നിവേദനത്തിൽ പറഞ്ഞിട്ടുണ്ട്.

(ബി) 1988-ൽ നിലവിൽവന്ന കേന്ദ്ര മോട്ടോർ വാഹന നിയമത്തിൽ സ്വകാര്യ ബസുകൾക്ക് പെർമിറ്റ് കൊടുക്കുന്നതിൽ വരുത്തിയ ഉദാരവ്യവസ്ഥകളും സംഘങ്ങൾക്കു ലഭിച്ചുകൊണ്ടിരുന്ന വാഹനനികുതിയിളവ് നിർത്തൽ ചെയ്തതു അനിയന്ത്രിതവും അപ്രതീക്ഷിതവുമായി വർദ്ധിക്കുന്ന ചെലവുകൾക്കു അനുസരിച്ച് ബസ് ചാർജു വർദ്ധനവു ലഭിക്കാതെ വരുന്നതും പെർമിറ്റ് കിട്ടുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ സഹകരണ സംഘങ്ങൾക്ക് പരിഗണനയും നിയമസംരക്ഷണവും വേണ്ടത്ര ഉറപ്പാക്കാത്തതും സംഘങ്ങളുടെ നിലനിൽപ്പിനും പ്രവർത്തനത്തിനും വിഘാതമായി തീരുന്നു എന്നാണ് നിവേദനത്തിൽ ചൂണ്ടികാണിച്ചിട്ടുള്ളത്.

(സി) നിർദ്ദേശങ്ങൾ ചുവടെ കൊടുക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly